8

# ദൈവിക വഴികാട്ടി, 2

ഗിദെയോന്റെ കൊള്ളയെ ഓർക്കുക. നാം വഴികാട്ടലിനുവേി പ്രാർത്ഥിക്കുകയും, ഉത്തരങ്ങൾക്കായി ദൈവത്തിലേക്കു നോക്കുകയും വേണം. ദൈവം പ്രാർത്ഥന കേൾക്കുകയും മറുപടി നല്കുകയും ചെയ്യുന്നതുകൊ് പ്രാർത്ഥനക്കു ശക്തിയു്. ശക്തമായതു എളുപ്പത്തിൽ തെറ്റിദ്ധരിക്കപ്പെടുവാനും പാഴാകുവാനുമിടയു്. പ്രാർ ത്ഥനയെസംബന്ധിച്ചുള്ള യാഥാർത്ഥ്യം അതാണ്. തിരുവെഴുത്തിൽ ദൈവം ഓരോ ദിവസവും വേതായ, പ്രത്യേക നിർദ്ദേശങ്ങൾ നല്കിയിരിക്കുന്നത് വളരെ അപൂർവ്വമാണ്. തീർച്ചയായും, ദൈവം നമ്മുടെ വികാരങ്ങളനുസരിച്ചല്ല വഴി കാട്ടുന്നത്. നാം പ്രാർത്ഥിക്കുക. നാം അന്വേഷിക്കുക. നാം കാത്തിരിക്കുക. നാം സേവിക്കുക. ദൈവത്തിൽ ആശ്രയിക്കുന്നതുകൊാണ് പ്രാർത്ഥനയിൽ നാം വിശ്വസിക്കുന്നത്. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതിനെകുറിച്ച് അനുഭവ ജ്ഞാനമോ ശാസ്ത്രീയ തെളിവോ നമുക്ക് ഇല്ല. നാം കാഴ്ച്ചയാലല്ല വിശ്വാസത്താലത്രേ ജീവിക്കുന്നത്. തെളിവു നിമിത്തമല്ല, മറിച്ച് വിശ്വാസത്താലാണ് നാം ജീവിക്കുന്നത്. പ്രാർത്ഥനയാൽ പോലും നമുക്ക് ദൈവത്തെ കൈകാര്യം ചെയ്യുവാൻ സാധ്യമല്ല. നാം ദൈവത്തിൽ ആശ്രയിക്കുവാനും, പ്രാർത്ഥനയിൽ ഉറച്ചുനിൽക്കുവാനും, അവനെ വിശ്വസിപ്പാനും അനുസരിപ്പാനും പഠിക്കണം. നിങ്ങൾ ആരെയെങ്കിലും ആശ്രയിക്കുന്നുവെങ്കിൽ നിങ്ങൾ നിങ്ങളെത്തന്നെ അയാൾക്കു നല്കുകയാണ്. നാം പ്രാർത്ഥിക്കുമ്പോൾ വിശ്വസിക്കുക എന്നത് ആ അപേക്ഷയിൽ നിങ്ങളെ ഏല്പിച്ചുകൊടുക്കുകയാണ്. പ്രാർത്ഥന ഇരുട്ടിൽ വിസിലടിക്കലല്ല പിന്നെയോ വെളിച്ചത്തിലേക്കുള്ള നടപ്പാണ്. വിശ്വാസത്തിന്റെ ഉദ്ദേശമാണ് അതിന്റെ വില നിർണ്ണയിക്കുന്നത്. നാം ദൈവത്തിൽ വിശ്വസിക്കുന്നു.

എന്റെ ജീവിതത്തിൽ മുഴുവനും ദൈവത്തിനു പൂർണ്ണമായ ഒരു താൽപര്യമു് എന്നതു വിശ്വസിക്കുന്നത് ഇന്നത്തെ തെറ്റായ ഉപദേശമാണ്. ബൈബിളിൽ ചിലർ ജനിക്കുന്നതിനു മുമ്പു തന്നെ ദൈവത്താൽ വിളിക്കപ്പെട്ടിട്ടു്: യിരെമ്യാവ്, യോഹന്നാൻ സ്നാപകൻ, തുടങ്ങിയവർ. എങ്ങനെയായാലും, അതു ഒരു നിയമമല്ല, എതിർപ്പുള്ളതാണ്. പല യുവാക്കളും അവർ ജനിക്കുന്നതിനു മുമ്പുതന്നെ ദൈവം അവർക്കായി ഒരുക്കിയ പദ്ധതികൾ തിരഞ്ഞെടുത്തിട്ടു്. ആ ആശയത്തിൽ നല്ല ഉദ്ദേശങ്ങൾ ഉങ്കിലും, അതിൽ ഒരുപാടു കുഴപ്പങ്ങളുമു്.

വിശ്വാസത്തിന്റെ ആയുഷ്ക്കാലസാഹസികതയെ ആ ആശയം തെറ്റിദ്ധരിക്കുന്നു. നമ്മുടെ മുഖ്യ മാതൃക, വിശ്വാസികളുടെ പിതാവായ, അബ്രഹാമാണ്. അവനെ ദൈവം വിളിച്ചപ്പോൾ, അവനു ദിവസേന നടത്തേ പ്രത്യേക ജോലിയുടെ വിവരപ്പട്ടികയോ, മാർഗ്ഗത്തെ കുറിച്ചുള്ള വിവരമോ ദൈവം കൊടുത്തിരുന്നില്ല. അവൻ തന്റെ വിശ്വാസം ദൈവത്തിൽ അർപ്പിച്ചുകൊാണ് പോയത്. വിശ്വാസികളുടെ അടുക്കലേക്കു പ്രാർത്ഥനക്കുള്ള ഉത്തരവുമായി ദൈവം വരുന്നു, അവൻ നമ്മോടുകൂടെ അടുത്തു നടക്കുവാനാണ് വരുന്നത്, പക്ഷെ അവൻ ഓരോ ദിവസത്തേക്കും ഉള്ള കൃത്യനിർവ്വഹണ

പട്ടികയുമായിട്ടല്ല വരുന്നത്. *എന്തൊരു ഉന്നതമായ അവകാശം!*

ദൈവം നമ്മോടുകൂടെ നടന്നു സംരക്ഷിക്കുന്നു എന്ന അറിവ് നമ്മിലു ാകുന്ന ഭയത്തെ അകറ്റുന്നു. ഒരു തെറ്റായ തീരുമാനം, ഒരു തെറ്റായ പ്രവൃത്തി നമ്മുടെ ജീവിതത്തെ എന്നേക്കുമായി നശിപ്പിക്കുന്നില്ല. ലക്ഷ്യമില്ലാതെ നടന്നപ്പോഴും ദൈവം ദാവീദിനോടൊപ്പം ഉായിരുന്നു. അബ്രഹാമിൽ പല തെറ്റുകളുായിരുന്നപ്പോഴും ദൈവം അവനോടുകൂടെ ഉായിരുന്നു: ലോത്തും, സാറയെകുറിച്ചു നുണ പറയുന്നതും, മൽപിടുത്തവും, യിശ്മായേലും ഉദാഹരണങ്ങളാണ്. നാം അവനോടു വിശ്വസ്തരായില്ലെങ്കിലും ദൈവം നമ്മോടു വിശ്വസ്തനാണ്! പത്രൊസ് കർത്താവിനെ തള്ളിപ്പറഞ്ഞിട്ടുപോലും പെന്തെകൊസ്തുനാളിൽ അവൻ പ്രസംഗിച്ചു! ദൈവം എല്ലായ്പ്പോഴും അടുത്തുവന്നു, നന്മ പ്രവർത്തിക്കുന്നു (റോമർ 8:28). നമ്മുടെ ദൈവം പുതിയ തുടക്കങ്ങളുടെ ദൈവമാണ്! എന്തൊരു ദൈവം! എന്തൊരു കൃപ! മുടിയനായ പുത്രൻ തിരിച്ചുവന്നതു സ്വീകരണവും ശുശ്രൂഷയും ലഭിക്കുവാനായിരുന്നു! പരാജയം ലോകാവസാനം അല്ല!

സ്വാതന്ത്ര്യത്തിൽ പക്വതയിലെത്തുവാൻ ദൈവം നമ്മെ അനുവദിക്കുന്നു. ദൈവം ദാസന്മാരെയല്ല മക്കളെയാണ് ആഗ്രഹിക്കുന്നത്. ദൈവത്തിനു റോബോട്ടുകളെയല്ല ഉത്തരവാദിത്വമുള്ള വിശുദ്ധന്മാരെയാണ് ആവശ്യം. ക്രിസ്ത്യാനിത്വത്തിലും പ്രാർത്ഥനയിലും ബന്ധങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. സ്നേഹത്തോടെ അവന്റെ ഇഷ്ടം ചെയ്തു ജീവിക്കുമ്പോൾ ദൈവം നമുക്ക് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നല്കുന്നു. അതാണ് ദൈവരാജ്യത്തിന്റെയും ദൈവം നമ്മുടെ ഹൃദയങ്ങളെ വാഴുന്നതിന്റെയും അർത്ഥം. ആത്മാർത്ഥമായി ദൈവേഷ്ടം ചെയ്യുവാനാഗ്രഹിക്കുന്ന ഒരാളായി തീരുന്നതും ദൈവേഷ്ടം തിരിച്ചറിയുന്നതും തമ്മിൽ താരതമ്യം ചെയ്താൽ തിരിച്ചറിയുന്നതാണ് എളുപ്പമെന്നു കാണാം.

ഈ ചിത്രീകരണങ്ങൾ പരിഗണിക്കുക. വിവാഹം കഴിക്കുവാൻ സമയം നിശ്ചയിക്കുന്നതിൽ, ഒരു യുവാവിന് രു സുന്ദരികളായ പെൺകുട്ടികളിൽ ഒരാളെ തിരഞ്ഞെടുക്കേിവരും. ഒരു പുതിയ പ്രസംഗപീഠം തിരഞ്ഞെടുക്കേി വന്നാൽ, ഒരു ഉപദേഷ്ടാവിനു രു ഇടവകകളെ ചിന്തിക്കേിവരും. ദൈവം ഒരു പ്രത്യേക ഉത്തരം നൽകുകയാണെങ്കിൽ, അതു അനുസരിക്കാതിരിക്കുന്നത് പാപം ആയിരിക്കും! തിരഞ്ഞെടുക്കുന്നതിനു ദൈവം *നമ്മെ* അനുവദിക്കുന്നു. നാം തിരഞ്ഞെടുക്കുന്ന നന്മയിൽ ദൈവം പ്രവർത്തിക്കുന്നു. ദൈവം നമുക്ക് ഒരു പങ്കാളിയേയും ഒരു പ്രസംഗപീഠത്തേയും മാത്രമാണ് നല്കിയിരിക്കുന്നതു എന്ന ധാരണ മനുഷ്യർക്കിടയിലു്. ചില പങ്കാളികൾ തെറ്റിപ്പോകാം. ചില ഇടവകകളും തെറ്റിപ്പോകാം. എന്നാൽ നാം ക്രിസ്തുവിന്റെ സ്വഭാവം ധരിപ്പാൻ ശ്രമിച്ചാൽ, നമ്മുടെ തിരഞ്ഞെടുപ്പ് എന്തായാലും ദൈവത്തിനു നമ്മെ അനുഗ്രഹിക്കുവാനും ഉപയോഗിക്കുവാനും കഴിയും! അതാണ് പ്രാർത്ഥനയുടെ യഥാർത്ഥ മഹത്വം! ദൈവത്തിനു നമ്മുടെ മുഴുവൻ ജീവിതത്തിനും പദ്ധതിയുങ്കെിൽ, നമ്മിൽ മിക്കപേരും ഹൈസ്ക്കൂളിൽ നിന്നിറങ്ങിയപ്പോഴേക്കും അതു നശിപ്പിച്ചിരിക്കും. നാം പ്രായപൂർത്തിയിലെത്തുവാൻ ദൈവം നമ്മെ അനുവദിച്ചു. ചില കാര്യങ്ങളിൽ എന്റെ അപ്പൻ പ്രത്യേകമായി നിർദ്ദേശിക്കും, എന്നാൽ മിക്ക കാര്യങ്ങളിലും അദ്ദേഹം തീരുമാനങ്ങളുടെ ഉത്തരവാദിത്വം എനിക്കു വിട്ടുതരും. എന്റെ തീരുമാനങ്ങളെ അദ്ദേഹം ബഹുമാനിക്കുന്നതായി പറയുകയും അവ നടപ്പാക്കുവാൻ മിക്ക

വാറും എന്നെ സഹായിക്കുകയും ചെയ്യും. അതു ബന്ധമാണ്. ദൈവത്തിന്, തന്റെ കൃപയിൽ, എന്റെ കുഴപ്പത്തിലേക്കു ഇറങ്ങിവന്നു എന്തെങ്കിലും ചെയ്യുവാൻ മനസ്സുള്ളതുകൊു ഞാൻ സന്തോഷവാനാണ്. അതാണ് പ്രാർത്ഥനയുടെ ശക്തി. അതാണ് ദൈവത്തിന്റെ മഹത്വം.

**************

# പ്രാർത്ഥനയുടെ അപകടം

## പ്രവൃത്തികൾ 12:1-17

> ധപത്രൊസ്പ മർക്കൊസ് എന്നു മറുപേരുള്ള, യോഹന്നാന്റെ അമ്മ മറിയയുടെ വീട്ടിൽ ചെന്നു, അവിടെ അനേകർ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചിരുന്നു ... ; അവർ കതകു തുറന്നപ്പോൾ, അവനെ കു വിസ്മയിച്ചു (പ്രവൃത്തികൾ 12:12-16).

മനുഷ്യനും, തമാശയും, താഴ്മയും അന്യോന്യം ബന്ധപ്പെട്ടു കിടക്കുന്ന വാക്കുകളാണ്. അവ മൂന്നും പ്രവൃത്തികൾ 12-ൽ ് ക്രിസ്ത്യാനികൾ മനുഷ്യരാണ്. ക്രിസ്ത്യാനികൾ ചിലപ്പോൾ തമാശ പറയും. നമ്മുടെ ക്രിസ്തീയ പരാജയങ്ങൾ നമ്മെ എളിമപ്പെടുത്തും. അവയെല്ലാം ഒരുമിച്ചു പ്രവർത്തിക്കുന്നു.

പ്രാർത്ഥന അപകടകരമാണ്. ആ സത്യം നാം നഷ്ടമാക്കിയേക്കാം. പ്രാർത്ഥന ശക്തിയാണ് ... ദൈവത്തിന്റെ ശക്തിയാണ്. മഹത്തായ കാര്യങ്ങൾ പ്രാർത്ഥിക്കുന്നവരിലാണ് നടക്കുന്നത്. നാം ചോദിക്കുന്നതു നമുക്ക് ലഭിക്കുന്നു! നാം ചോദിക്കുന്നത് സൂക്ഷിക്കുക! നാമെല്ലാവരും ശ്രദ്ധിക്കണം. എന്താണ് പ്രാർത്ഥനയിലെ അപകടം? *അതു പ്രയോജനകരമാണ്!* നാം അതു പ്രതീക്ഷിച്ചില്ലെങ്കിൽ പോലും! പ്രാർത്ഥനയിൽ കൂടുതൽ ശ്രദ്ധിക്കുക നിങ്ങൾ ചോദിക്കുന്നതു നിങ്ങൾക്കു ലഭിച്ചേക്കാം!

### പ്രാർത്ഥനക്കുള്ള അപ്രതീക്ഷിത മറുപടി

നമുക്ക് പ്രവൃത്തികൾ 12:1-17 ഒന്നുകൂടി വായിക്കാം. (1) സഭ പ്രാർ ത്ഥിപ്പാൻ കൂടി വന്നു. അതു നല്ലതാണ്. ഹെരോദാവിനാൽ രക്തസാക്ഷിത്വം വഹിച്ചവനായിരുന്നു യാക്കോബ്. തടവിലായിരുന്ന പത്രൊസിനെ പെസഹക്കു ശേഷം തൂക്കിക്കൊല്ലുവാൻ തീരുമാനിച്ചിരുന്നു. സഭ ഒന്നടങ്കം പ്രാർത്ഥിപ്പാനായി കൂടിവന്നു. (2) പ്രാർത്ഥന ദൈവത്തിലേക്ക് എത്തിച്ചു. അവർ ശരിയായ വ്യക്തിയുടെ അടുക്കലേക്കാണ് പോയത്. അവർ ദൈവത്തെ വിളിച്ചു. ആശ്രയത്വവും അത്യാവശ്യവുമായിരുന്നു. രാത്രി മുഴുവൻ അവർ പ്രാർത്ഥനയിലായിരുന്നു. പ്രാർത്ഥിപ്പാൻ നമ്മെ പ്രേരിപ്പിക്കുന്നത് എന്താണ്? ഉപദ്രവമോ? പരാജയമോ? (3) പ്രാർത്ഥന പ്രത്യേകമായിരുന്നു. പത്രൊസിനെ വിടുവിക്കണം എന്ന ഏക ആഗ്രഹം മാത്രമായിരുന്നു. അധികം പ്രാർത്ഥനകളും അവ്യക്തവും പൊതുവായതുമാണ്. ഇതു അടിയന്തരവും, യോജിച്ചതുമായ പ്രാർത്ഥനയുടെ കാര്യമാണെന്നു വ്യക്തമാണ്. എങ്ങനെയായാലും, അവർ

വാസ്തവത്തിൽ പത്രൊസിനെ വിടുവിക്കുവാനായിരുന്നോ പ്രാർത്ഥിച്ചത്? അവർ അതു സ്വീകരിക്കുവാൻ (യാക്കൊബിന്റെ മരണം സ്വീകരിച്ചതുപോലെ) പ്രാർത്ഥിക്കുകയായിരുന്നില്ലേ? നാം മരുന്നുകൾക്കും, സമയത്തിനും, സാഹചര്യങ്ങൾക്കും കീഴടങ്ങുകയില്ലേ? ദൈവം അസാധ്യമായതിന്റെ ദൈവമാണ്! സഭയെ ഭീഷണി മുഴക്കുകയും ഭയപ്പെടുത്തുകയും ചെയ്തിരുന്നു, എന്നാൽ അവർ എന്തായിരുന്നു വാസ്തവത്തിൽ പ്രാർത്ഥിച്ചിരുന്നത്?

പ്രാർത്ഥനക്ക് ഉത്തരം ലഭിച്ച വ്യക്തമായ സംഭവവുമായിരുന്നു അത്. യാക്കൊബ് മരിച്ചു. പത്രൊസ് ജീവിച്ചിരിക്കുന്നു ... പ്രാർത്ഥനയുടെ സമസ്യ അതായിരുന്നു. സഹോദരങ്ങൾ പ്രാർത്ഥിച്ചപ്പോൾ, ദൈവം പ്രവർത്തിച്ചു. ദൈവം അവരുടെ പ്രാർത്ഥനക്കു മറുപടി നല്കി. പ്രാർത്ഥിക്കുന്ന ആ സഭയുടെ ആവശ്യം ദൈവം നിരസിച്ചില്ല.

അതു രസകരവുമായിരുന്നു! പത്രൊസ് വിചാരിച്ചത് താൻ സ്വപ്നം കാണുകയാണെന്നാണ്! പത്രൊസ്, രസകരമായി, മരിക്കുവാനുള്ള തടവിൽ സുഖനിദ്രയിലായിരുന്നു. അതു പ്രതീക്ഷയെ അല്ല, കീഴ്പ്പെടലിനെയാണ് സൂചിപ്പിക്കുന്നത്. സഭ പ്രാർത്ഥിച്ചുകൊിരുന്ന വീട്ടിലേക്കാണ് അവൻ പോയത്. എവിടെ പോകണമെന്നു അവന് അറിയാമായിരുന്നു. നിങ്ങൾ സംബന്ധിക്കുന്ന ഇടവകയിൽ, എവിടെയാണ് സഭ പ്രാർത്ഥിക്കുവാൻ കൂടിവന്നിരുന്നത്? ആരുടെ വീട്ടിൽ? ഇപ്പോൾ സാഹചര്യം കൂടുതൽ രസകരമായി മാറി. ജീവഭയത്തോടെ പത്രൊസ് ആ വീടിന്റെ കതകിൽ തട്ടി. അവനു ഉറക്കെ വിളിക്കുവാനോ കതകിൽ ഉറക്കെ തട്ടുവാനോ കഴിഞ്ഞിരുന്നില്ല. ആരുമല്ലാത്ത, ഒരു ദാസിയായിരുന്ന, രോദ എന്ന, പെൺകുട്ടിയെ വാതില്ക്കലേക്ക് അയച്ചു. ഒരു പക്ഷെ അവളുടെ സാന്നിദ്ധ്യവും പ്രാർത്ഥനയും ആരും അത്ര കണക്കാക്കിയിരിക്കയില്ല! ഹാസ്യജനകം! പിന്നെ, കൂടുതൽ രസകരം, പെൺകുട്ടി വാതിൽ തുറക്കുകയോ അവനെ അകത്തേക്കു പ്രവേശിപ്പിക്കയോ ചെയ്തില്ല! അവനെ അവിടെ നിർത്തിയിട്ട് അവൾ പ്രാർത്ഥനാ കൂട്ടത്തോടു പോയി പറഞ്ഞു, നമ്മുടെ പ്രാർത്ഥന ദൈവം കേട്ടു! അവർ അവളെ പരിഹസിക്കയും ശകാരിക്കയും ചെയ്തു. പത്രൊസ് മുട്ടിക്കൊിരുന്നു എന്നതു അവിശ്വസനീയം. പിന്നെ പ്രാർത്ഥിച്ചുകൊിരുന്ന സഭ മുട്ടലിനെ വിശദീകരിക്കുന്നു: അതു അവന്റെ ദൂതനായിരിക്കും. പ്രാർത്ഥിച്ചുകൊിരുന്ന സഹോദരങ്ങൾക്ക് സത്യം വിശ്വസിക്കുവാൻ കഴിഞ്ഞില്ല, എങ്കിലും അന്ധവിശ്വാസത്തെ അവർ സ്വീകരിച്ചു. അവർക്കു പ്രേതത്തെ സ്വീകരിപ്പാൻ കഴിഞ്ഞു, പക്ഷെ ശരീരത്തെ സ്വീകരിപ്പാൻ കഴിഞ്ഞില്ല. ഒരു പ്രാർത്ഥനാകൂട്ടത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പമാണ് തടവിൽനിന്നു പുറത്തു കടക്കുവാൻ എന്നു പത്രൊസ് മനസിലാക്കി! അതു നമ്മുടെയും പ്രാർത്ഥനാജീവിതത്തോടു സാമ്യപ്പെടുത്താവുന്ന ഒരു ചിത്രീകരണമല്ലേ? നാം എന്താണ് വാസ്തവത്തിൽ പ്രാർത്ഥിക്കുകയും ... പ്രതീക്ഷിക്കുകയും ... വിശ്വസിക്കുകയും ചെയ്യുന്നത്? അവസാനം വാതിൽ തുറക്കപ്പെട്ടു, പത്രൊസ് അവിടെ ഉായിരുന്നു! വ്യക്തമായ അവിശ്വാസമായിരുന്നു അവർക്കുായിരുന്നത്. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, അതിനെ ദിവസവും രേഖപ്പെടുത്തി വയ്ക്കാറുാേ? നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ എപ്പോൾ, എവിടെ, എത്ര പ്രാർത്ഥനകൾക്ക് മറുപടി ലഭിച്ചു എന്നു എഴുതാറുാേ? നിങ്ങൾ വിശ്വസിക്കുന്നുാേ?

## മറുപടി ലഭിച്ച പ്രാർത്ഥനയുടെ അപകടം

അവർ അപേക്ഷിച്ചത് അവൻ അവർക്കു [യഹൂദന്മാർ] കൊടുത്തു, എങ്കിലും അവരുടെ പ്രാണന്നു ക്ഷയം അയച്ചു (സങ്കീർത്തനങ്ങൾ 106:15).

ദേവന്മാർ നമ്മെ ശിക്ഷിക്കുവാൻ ആഗ്രഹിക്കുമ്പോൾ, അവർ നമ്മുടെ പ്രാർത്ഥനക്കു മറുപടി നല്കുന്നു (ഓസ്കാർ വിൽഡേ).

ദേവന്മാർ ഒരു മനുഷ്യനോടു കോപിക്കുമ്പോൾ, അവൻ ആഗ്രഹിക്കുന്നതു അവർ അവനു നല്കും (ഗ്രീക്കുകാർ).

... ദൈവം ഇല്ലാത്ത മനുഷ്യൻ ബലഹീനനും,
കുരുടനും, അജ്ഞനുമാകുന്നു
ചിലപ്പോൾ നാം യാചിക്കുന്നതു പിടിച്ചുവെക്കും,
നമ്മുടെതന്നെ അപേക്ഷകൾ നമ്മെ നശിപ്പിക്കും.

പുറപ്പാടു പുസ്തകത്തിലെ യെഹൂദന്മാർ അവർക്കു ലഭിച്ച മന്നയെ കുറിച്ചു, പിറുപിറുക്കയും പരാതിപ്പെടുകയും ചെയ്തു. ദൈവം അവർക്കു കാടപ്പക്ഷിയെ അയച്ചുകൊടുത്തു (സംഖ്യാപുസ്തകം 11:31–33). ആ രുചികരമായ മാംസം അവരുടെ വായിൽ ഇരിക്കുമ്പോൾ തന്നെ, ദൈവം അവരെ ശിക്ഷിച്ചു. ആ സംഭവം ഞെട്ടിപ്പിക്കുന്നതും, ഭയപ്പെടുത്തുന്നതും, താഴ്ത്തുന്നതുമാണ്. നമ്മുടെ പ്രാർത്ഥനകൾ തന്നെ നമ്മുടെ നാശത്തിനായി ദൈവം ഉപയോഗിക്കാം. സംഖ്യാപുസ്തകം 11–ലെ എല്ലാ ആളുകളും പരാജയപ്പെട്ടു. അവരെല്ലാം ദുഃഖത്തോടെ പ്രാർത്ഥന നടത്തിയവരായിരുന്നു. (1) ആളുകൾ പിറുപിറുത്തു. വികൃതിക്കുട്ടികളെപോലെ, അവർ ദൈവത്തോട് ബഹളം വെച്ചു. പരാതിപ്പെടുന്നവർ സൂക്ഷിക്കുക. ദൈവത്തിന്റെ പ്രതികാരം പെട്ടെന്നു സംഭവിക്കുന്നതും ഭയങ്കരവുമാണ്. (2) തന്റെ ദുഃഖകരമായ ഒത്തുചേരലിൽ മോശെയും ദൈവത്തോടു പരാതിപ്പെടുന്നു്. അവനും, ദൈവത്തോടു, ബഹളം വെക്കുന്നു്. അവൻ കീഴ്പ്പെട്ടു വാൻ സമർപ്പിച്ച്; ഒരു ബലഹീന പ്രാർത്ഥനയിൽ അവനെ കൊല്ലേണമേ എന്നു ദൈവത്തോട് അപേക്ഷിച്ചു. (3) എഴുപതു മൂപ്പന്മാരെ കൂടിയാലോചനക്കായി വിളിച്ചു. മറ്റുള്ളവർ പ്രവചിച്ചപ്പോൾ നമ്മുടെ നല്ല യോശുവക്ക് മോശെയോടു അസൂയയുായി. അതു യിസ്രായേൽ ചരിത്രത്തിലെ ഒരു ഭയങ്കര ദിവസമായിരുന്നു. ദൈവം അവരുടെ പ്രാർത്ഥനക്കു മറുപടി നല്കുകയും, പിന്നെ ശിക്ഷിക്കുകയും ചെയ്തു. അവർ ആഗ്രഹിച്ചതു തന്നെ ദൈവം അവർക്കു നല്കിയപ്പോൾ, അതു അക്ഷരാർത്ഥത്തിൽ അവരെ കൊന്നുകളഞ്ഞു!

പ്രാർത്ഥനകൾക്കു നീ മറുപടി നൽകിയതുകൊു സ്തോത്രം
നീ നിഷേധിച്ചതിനും നന്ദി
കൊടുങ്കാറ്റു സഹിക്കുവാൻ സഹായിച്ചതിന്നു നന്ദി,
നീ നല്കിയതിനെല്ലാം നന്ദി
സന്തോഷത്തുനും വേദനക്കും നന്ദി
നിരാശയിൽ ആശ്വസിപ്പിച്ചതിന്നു നന്ദി.
ആർക്കും അളക്കുവാൻ കഴിയാത്ത കൃപക്കായി നന്ദി
താരതമ്യം നടത്തുന്നതിനപ്പുറമായ സ്നേഹത്തിനു നന്ദി.

ദൈവം എത്ര നല്ലവനാണ്! അവൻ യിസ്രായേല്യരോടു കൃപയും, മോശെയോടു ക്ഷമയും, എഴുപതു മൂപ്പന്മാരോട് ജ്ഞാനവും, യോശുവയോട് ദയയും കാണിച്ചവനായിരുന്നു.

പ്രാർത്ഥനക്കു മറുപടി നല്കിയ മറ്റൊരു സംഭവത്തിൽ ഹിസ്ക്കിയാവു രാജാവിനെ കുറിച്ചുള്ളതു ഉൾപ്പെടുന്നു (2 രാജാക്കന്മാർ 20:14-37; 2 ദിനവൃത്താന്തം 32:20-26; യെശയ്യാവ് 38:1-8). ബൈബിളിൽ ഒരു സംഭവം മൂന്നു പ്രാവശ്യം കാണുന്നത് ശ്രദ്ധിക്കപ്പെടുന്നതാണ്. ഹിസ്ക്കിയാവ് മരിക്കേതാകുന്നു എന്നു യെശയ്യാവ് (ദൈവത്തിനു വേി) പറഞ്ഞു. ഹിസ്ക്കിയാവു ചുമരിലേക്കു തിരിഞ്ഞു പ്രാർ ത്ഥിച്ചു. ഒരുപക്ഷെ അവൻ അത്ര സ്വാർത്ഥനായിരുന്നില്ലായിരിക്കാം അവൻ ചെയ്തു തീർക്കേ ജോലി തീർക്കുവാനും ആഗ്രഹിച്ചിരിക്കാം. അവന്റെ ഉദ്ദേശം എന്തായിരുന്നാലും, ദൈവം അവന്റെ കണ്ണുനീർ കാണുകയും പ്രാർത്ഥന കേൾക്കുകയും ചെയ്തു. ഹിസ്ക്കിയാവിന്റെ ആയുസ് പതിനഞ്ചു വർഷം നീട്ടിക്കൊടുത്തിരിക്കുന്നു, എന്ന അത്ഭുതകരമായ വാഗ്ദാനം അറിയിക്കുവാൻ, ദൈവം യെശയ്യാവിനെ തിരിച്ച് അയച്ചു. മോശെ പെട്ടെന്നു മരിച്ചു; എന്നാൽ ഹിസ്ക്കിയാവു ദീർഘകാലം ജീവിച്ചു. ഹിസ്ക്കിയാവിനെ കീഴ്പ്പെടുത്തിയതു താഴ്മയായിരുന്നില്ല നിഗളമായിരുന്നു! അവൻ ദൈവത്തോടു ഉച്ചത്തിൽ അതിയായി സംസാരിക്കുകയും ജയിക്കുകയും ചെയ്തു! അതല്ല പ്രാർത്ഥിക്കുവാനുള്ള സ്ഥലം. ദൈവം പ്രാർത്ഥനക്കു മറുപടി നല്കുന്നതു കാണുന്നതു നമ്മെ പഠിപ്പിക്കുകയും സ്വാധീനിക്കുകയും ചെയ്യണം! അധികമായി കിട്ടിയ ആ വർഷങ്ങളിൽ ഹിസ്ക്കിയാവു തന്റെ നിഗളത്താൽ ഓർമ്മിക്കത്തക്ക പല തെറ്റുകളും ചെയ്തിട്ടു്. മനശ്ശെ എന്ന, അവന്റെ മകൻ, അവനുശേഷം ദുഷ്പേരോടെയാണു വാണത്. മനശ്ശെയുടെ പാപങ്ങൾ നിമിത്തം ദൈവം യെരുശലേമിനെ ഒരു പാത്രം എന്നപോലെ തുടച്ചുനീക്കി. ഹിസ്ക്കിയാവിനെ കുറിച്ചു രസകരമായി പറയപ്പെടുന്നത്, അവനെ ദൈവം സമ്പൽസമൃദ്ധിയിൽ ഉയർത്തിയപ്പോഴെല്ലാം അവൻ കൂടുതൽ പാപം ചെയ്തു എന്നാണ്.

**സമയം പ്രധാനപ്പെട്ടതാണ്**

പ്രാർത്ഥനക്ക് ഉത്തരം നൽകിയ മറ്റൊരു ആകർഷണീയ സംഭവം ലൂക്കൊസ് 1-ല്. സെഖര്യാവും എലിശബെത്തും നല്ലവരും, പ്രാർ ത്ഥിക്കുന്നവരുമായിരുന്നു. അവർ ഒരു കുട്ടിയെ, മകനെ ആഗ്രഹിച്ചു. വർഷങ്ങളോളം അവർ പ്രാർത്ഥിച്ചുകൊയേിരുന്നു. സമയം കഴിഞ്ഞുപോയെങ്കിലും, അവരുടെ പ്രാർത്ഥന നിർത്തിയില്ല. എന്നാൽ സെഖര്യാവു (തന്റെ ഏറ്റവും വലിയ പൗരോഹിത്യ) ശുശ്രൂഷ ചെയ്തുകൊിരുന്നപ്പോൾ, ഒരു ദൂതനായ, ഗബ്രിയേൽ, അവന്നു പ്രത്യക്ഷനായി. സെഖര്യാവു ധൂപവർഗം അർപ്പിച്ചുകൊിരുന്നപ്പോൾ കുടുംബവും സ്നേഹിതരുമെല്ലാം പുറത്തു പ്രാർത്ഥിച്ചുകൊിരിക്കുകയായിരുന്നു. ഗബ്രിയേൽ ദൂതൻ അവനോടു ദൈവം നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു മറുപടിയും നല്കും എന്നു പറഞ്ഞു. അവർക്കു യോഹന്നാൻ എന്നു പേരുള്ള, ഒരു മകൻ ജനിക്കേിയിരുന്നു. അവൻ ദൈവത്താൽ പ്രത്യേകമായി ഉപയോഗിക്കേ മനുഷ്യനായിരുന്നു. സെഖര്യാവു ആ വാർത്ത കേട്ടപ്പോൾ സന്തോഷം കൊു തുള്ളിച്ചാടിയിരിക്കും എന്നാകും ഒരാൾ ചിന്തിക്കുന്നത്. അവൻ തോറ്റുപോയി! (1) ദൈവം തന്റെ പ്രാർത്ഥന കേൾക്കുമെന്ന, അഗാധമായ വിശ്വാസം, അവനിൽ ഇല്ലായിരുന്നു.

വർഷങ്ങളോളം നടന്ന അവന്റെ പ്രാർത്ഥന ചടങ്ങായി തീരുകയും, സംശയം നിറയുകയും ചെയ്തു. (2) വർഷങ്ങൾക്കു മുൻപു തന്നെ തന്റെ പ്രാർത്ഥനക്കു മറുപടി ലഭിക്കുവാൻ അവൻ ആഗ്രഹിച്ചിരുന്നു.

നമ്മുടെ മിക്ക പ്രാർത്ഥനകൾക്കും മറുപടി ലഭിക്കുന്നതിനു നാം ഒരു സമയം നിശ്ചയിക്കും. സമയം ആണ് എല്ലാം. സെഖര്യാവു ജിതേന്ദ്രിയനായി പറഞ്ഞു, ഞാൻ വൃദ്ധനും, എന്റെ ഭാര്യ വയസു ചെന്നവളുമായല്ലൊ (ലൂക്കൊസ് 1:18). അവൻ ദൈവത്തിൽ നിരാശയുള്ളവനായിരുന്നു അതെ, ദൈവം അവർക്കു മറുപടി നല്കി, എന്നാൽ വളരെ താമസിച്ചുപോയി! യാദൃശ്ചികമായിട്ടല്ല സെഖര്യാവ് മൂകനായിതീർന്നത്! സെഖര്യാവ് ദൈവത്തിനു നന്ദി പറയുവാനും പുകഴ്ത്തുവാനും തയ്യാറായില്ല. അവന്റെ പേർ യോഹന്നാൻ എന്ന് എഴുതുന്നതുവരെ, സെഖര്യാവിനു സംസാരിപ്പാൻ കഴിഞ്ഞില്ല (ലൂക്കൊസ് 1:63). *ഓർമ്മിക്കുക!* ദൈവം താമസിപ്പിക്കുന്നത് ദൈവത്തിന്റെ തള്ളിക്കളയൽ അല്ല!

**ദൈവം നമ്മുടെ പ്രാർത്ഥനകൾ കേൾക്കുകയും മറുപടി നൽകുകയും ചെയ്യും**

ദൈവം വിശ്വസ്തനാണ്. എല്ലാ ക്രിസ്ത്യാനികളെയും അവൻ കേൾക്കുകയും മറുപടി നൽകുകയും ചെയ്യും. (1) *ഇല്ല!* ഞാൻ അതു നൽകുന്നത് നിങ്ങളെ കൂടുതൽ സ്നേഹിക്കുന്നതു കൊാണ്. (2) *ഇല്ല!* ഇപ്പോഴല്ല, പിന്നീട് നിങ്ങൾ അതിനു തയ്യാറാകുമ്പോൾ. (3) *ഉവ്വ്!* ഞാൻ വിചാരിച്ചത് നിങ്ങൾ ഒരിക്കലും ചോദിക്കയില്ല എന്നാണ്. (4) *ഉവ്വ്!* ഇതാ കൂടുതലു്!

അതുകൊ്, പ്രാർത്ഥന അപകടകരമാണ്. നിങ്ങൾ ചോദിക്കുന്നത് എന്തെന്ന് സൂക്ഷിക്കുക. കുഴപ്പത്തിലായ ഉപദേഷ്ടാവ് തന്റെ ശുശ്രൂഷയിൽ പെട്ടെന്ന് ഇടപെടേണമേ എന്നു ദൈവത്തോടു അപേക്ഷിച്ചു. അടുത്ത ആഴ്ച്ചയിൽ തന്നെ ഉപദേഷ്ടാവിനെ പറഞ്ഞുവിട്ടു! അഗസ്റ്റീൻ പറയാറുള്ളത്, ദൈവമേ എന്നെ നിർമ്മലീകരിക്കേണമേ, എന്നെ ശുദ്ധമാക്കേണമേ എന്നാണ്. രഹസ്യമായി, അയാൾ കൂട്ടിച്ചേർക്കും, ഇപ്പോഴല്ല, കർത്താവേ, ഇപ്പോഴല്ല. നിങ്ങൾ പ്രാർത്ഥിച്ചുതുടങ്ങുമ്പോൾ, നിങ്ങൾ ചോദിക്കുന്നത് ലഭിച്ചേക്കാം. ഫ്രാൻസിസ് ഓഫ് അസീസി കുഷ്ഠരോഗികൾക്കുവേി പ്രാർത്ഥിച്ചു; അയാൾ ഉടനെ അവർക്കിടയിൽ പോയി ശുശ്രൂഷ ചെയ്തു ജീവിച്ചു. രാജ്യത്തിന്റെ അതിർത്തി വ്യാപിപ്പിക്കേതിന്, ... നാം പ്രാർത്ഥിക്കുന്നു. അതു നമ്മെ മിഷ്യൻ മേഖലയിലേക്കെത്തിക്കുന്നു. നിങ്ങൾ ദൈവത്തെ സേവിക്കുന്നതിൽ മടുത്തുപോകുമ്പോൾ അത് എല്ലാ ആരാധനയിലും ഉാവുകയും വാതിലുകൾ മുട്ടുന്നതിൽ തളർന്നുപോകയും ചെയ്യുന്നു. പ്രാർത്ഥന ഒഴിഞ്ഞുമാറൽ അല്ല; അത് കീഴ്പ്പെടുത്തലാണ്.

താഴ്മക്കുവേി പ്രാർത്ഥിക്കുന്നത് കഷ്ടതക്കുവേി യാചിക്കുന്നതാണ്. ദൈവത്തിന് നമ്മിലേക്ക് താഴ്മ തരുവാൻ കഴിയുകയില്ല, പിന്നെയോ നമ്മളെ താഴ്ത്തുന്ന സാഹചര്യം നമ്മളിലുാക്കുവാൻ ദൈവത്തിനു കഴിയും. മുഖ്യമായും പ്രതികൂലങ്ങളിൽ നിന്നാണ് നാം താഴ്മയും ക്ഷമയും ശീലിക്കുന്നത്.

***"കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...<br>എനിക്ക് നിന്നിൽ വിശ്വാസമു്.<br>വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ."***